പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ. 2017

05.10.2016 -ലെ മറുപടിയ്ക്ക്

# ജസ്റ്റിസ് കൃഷ്ണൻനായർ കമ്മീഷൻ റിപ്പോർട്ട്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം.എം.മണി<br>ശ്രീ. എസ് രാജേന്ദ്രൻ<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. പി.ടി.എ റഹീം. | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ തോട്ടം വ്യവസായത്തെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് നൽകാൻ നിയോഗിച്ച ജസ്റ്റിസ് കൃഷ്ണൻനായർ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചോ; റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകളും ശിപാർശകളും എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (എ)സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകളും ശുപാർശകളും അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) തോട്ടം തൊഴിലാളികളുടെ വാസസ്ഥലങ്ങൾ തീർത്തും പരിതാപകരമായ സ്ഥിതിയിലാണെന്നതു പരിഗണിച്ച് അതു പരിഹരിക്കാനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ; | (ബി) തോട്ടം തൊഴിലാളികൾ വസിക്കുന്ന ലയങ്ങളുടെ ശോചനീയാവസ്ഥ കണക്കിലെടുത്ത് അവ നവീകരിക്കാൻ കർശനനിർദ്ദേശം നൽകിയിട്ടു ണ്ട്. പ്ലാന്റേഷൻ ലേബർ ആക്ടിലെ സെക്ഷൻ 8 പ്രകാരം കുടിവെള്ളം, 9 പ്രകാരമുള്ള ശൗചാലയങ്ങളെ സംബന്ധിച്ച്, സെക്ഷൻ 10 പ്രകാരം മെഡിക്കൽ ആനുകൂല്യങ്ങൾ, സെക്ഷൻ 12 പ്രകാരം ക്രഷ് സൗകര്യങ്ങൾ കൂടാതെയുള്ള ആനുകൂല്യങ്ങൾ, സെക്ഷൻ 15 പ്രകാരമുള്ള വാസസ്ഥലങ്ങളുടെ നവീകരണവും അറ്റകുറ്റപ്പണികളും തുടങ്ങിയവയെക്കുറിച്ച് ഓരോ തോട്ടങ്ങളിലും ഇപ്പോഴത്തെ അവസ്ഥ പരിശോധന നടത്തി സമയബന്ധിതമായി തുടർനടപടി സ്വീകരിക്കുവാനും, ആയത് സംബന്ധിച്ചുള്ള വിവരങ്ങളും പുരോഗതിയും അറിയിക്കുവാനും നിർദ്ദേശം നൽകിയിട്ടു ണ്ട്. |

സി) മുൻസർക്കാരിന്റെ കാലത്ത് തോട്ടം തൊഴിലാളികൾക്ക് വീട് നിർമ്മിച്ച നൽകുന്ന പദ്ധതിക്കായി വകയിരുത്തിയിരുന്ന തുകയെത്രയെന്നും അതിൽ എത്ര തുക ചെലവഴിച്ചെന്നും പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

(സി) 'ഭവനം പ്രൊജക്ടി'നായി 'ഭവനം ഫൗണ്ടേഷൻ കേരള' 20 കോടി രൂപ മുൻസർക്കാരിന്റെ കാലത്ത് സ്വീകരിച്ചിട്ടുണ്ട്. ആയതിൽ 'ഭവനം പ്രൊജക്ട്' നടപ്പിലാക്കുന്നതിനായുള്ള ഡിസൈൻ, റിപ്പോർട്ട് എന്നിവ തയ്യാറാക്കുന്നതിനും, "Own your own housing scheme"-നും, പ്ലാന്റേഷൻ ഉടമകളെയും തൊഴിലാളികളെയും സംബന്ധിച്ച സർവ്വേ എന്നീ ജോലികൾക്കുമായി നാളിതുവരെ 9,06,826/-രൂപ (ഒൻപതു ലക്ഷത്തി ആറായിരത്തി എണ്ണൂറ്റി ഇരുപത്തിയാറ് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

തോട്ടം അവസ്ഥയെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് നൽകിയ ...

ജി. ഉണ്ണികൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ ചുവടെ ചേർക്കുന്നു

1. ഇന്ത്യയിൽ മറ്റൊരു സംസ്ഥാനത്തും നിലവിലില്ലാത്ത [redacted] നിർത്തലാക്കണം.

2. തോട്ടം ഉടമകളിൽ നിന്നും [redacted] ഈടാക്കുന്നത് പൂർണ്ണമായും ഒഴിവാക്കുകയോ അല്ലാത്തപക്ഷം 5 വർഷത്തേക്ക് മരവിപ്പിക്കുകയോ ചെയ്യണം.

3. വളരെ പഴക്കമുള്ളതും ജീർണ്ണാവസ്ഥയിലുള്ളതും ആൾതാമസമില്ലാത്തതുമായ ലയങ്ങളെ [redacted]നിന്നും ഒഴിവാക്കണം.

4. തോട്ടങ്ങളുടെ ഇന്നത്തെ അവസ്ഥ പരിഗണിച്ച് [redacted]ൽ ആവശ്യമായ ഇളവ് അനുവദിക്കേണ്ടതാണ്.

5. തോട്ടങ്ങളിൽ നിന്നും റബ്ബർമരങ്ങൾ റീപ്ലാന്റേഷനുവേണ്ടി മുറിച്ചു മാറ്റുന്ന സന്ദർഭങ്ങളിൽ വനം വകുപ്പ് [redacted]ൗടാക്കുന്നത് നിർത്തലാക്കണം.

6. ദശാബ്ദങ്ങളുടെ പഴക്കമുള്ളതും പൊട്ടിപ്പൊളിഞ്ഞതും മനുഷ്യവാസത്തിന് യോഗ്യമല്ലാത്തതുമായ എല്ലാ ലയങ്ങളും പൊളിച്ചുമാറ്റി രണ്ട് കിടപ്പുമുറികളുള്ള കെട്ടിടങ്ങൾ നിർമ്മിച്ച് നൽകണം. അത്തരം കെട്ടിടങ്ങളെ [redacted]എന്ന് നാമകരണം ചെയ്യണം. പുതുതായി നിർമ്മിക്കുന്ന കെട്ടിടങ്ങളുടെ നിർമ്മാണ ചെലവ് തൊഴിലുടമയും സംസ്ഥാന സർക്കാരും തുല്യമായി വഹിക്കണം.

7. തോട്ടം തൊഴിലാളികൾക്ക് [redacted]ലാക്കണം. ഇതിനാവശ്യമായ നിയമഭേദഗതികൾ വരുത്തണം.

8. കാലാവസ്ഥാ വ്യതിയാനം തോട്ടവിളകളായ തേയില, ഏലം, കാപ്പി എന്നിവയ്ക്ക് ഭീഷണിയായതിനാൽ തോട്ടങ്ങളിൽ [redacted]ചെയ്യുന്നതിന് അനുവദിക്കണം. ഇക്കാര്യത്തിൽ നിയമഭേദഗതി ആവശ്യമെങ്കിൽ വരുത്താവുന്നതാണ്.

9. തോട്ടങ്ങളുടെ പാട്ടക്കാലാവധി അവസാനിക്കുന്ന മുറയ്ക്ക് [redacted] ആയതുവഴി തൊഴിൽ നഷ്ടവും ഉത്പാദന നഷ്ടവും ഉണ്ടാകാതെ നോക്കേണ്ടതാണ്.

10. [redacted]ന്റ പരിധിയിൽ നിന്നും തോട്ടങ്ങളെ ഒഴിവാക്കേണ്ടതാണ്.

11. [redacted] എന്നിവ സംസ്ഥാന സർക്കാരിന്റെ സിവിൽ സപ്ളൈസ് കോർപ്പറേഷൻ പേലുള്ള പൊതുവിതരണ സംവിധാനം ഉപയോഗപ്പെടുത്തി [redacted]ും ചെയ്യുന്നതിനുള്ള നടപടി കൈക്കൊള്ളണം.

12. ഉപേക്ഷിക്കപ്പെട്ടതോ പ്രവർത്തനരഹിതമായി കിടക്കുന്നതോ ആയ [redacted]അല്ലെങ്കിൽ [redacted]പീകരിച്ച് അവയ്ക്ക് സർക്കാർ ധനസഹായം നൽകി പ്രവർത്തിപ്പിക്കുകയോ ചെയ്യണം.

13. പ്രതിസന്ധിയുടെ കാരണം പറഞ്ഞ് തൊഴിലാളികളുടെ വേതനം കാലോചിതമായി പരിഷ്ക്കരിക്കാതിരിക്കുന്നത് ആശാസ്യമല്ല. ആയതിനാൽ ജീവിത നിലവാരത്തിനനുസരിച്ച് [redacted]കാലാകാലങ്ങളിൽ നടപ്പിലാക്കേതാണ്.

14. പ്ലാന്റേഷൻ മേഖല ഇപ്പോൾ അഭിമുഖീകരിക്കുന്ന പ്രശ്നപരിഹാരത്തിന് സുവ്യക്തമായ ഒരു [redacted]ംസ്ഥാന സർക്കാർ പ്രഖ്യാപിക്കേണ്ടതാണ്.

............

Sreelekha
സെക്ഷൻ ഓഫീസർ